പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.725** **11/03/2015-ൽ മറുപടിക്ക്**

**സ്വസ്ഥം പദ്ധതി**

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. കെ മുരളീധരൻ
ശ്രീ. ആർ. സെൽവരാജ്
ശ്രീ. പാലോട് രവി

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്വസ്ഥം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ ; | (എ) | ഉണ്ട്. കുടുംബശ്രീ ആർ.സി.സി. യുമായും ആരോഗ്യ വകുപ്പുമായും സഹകരിച്ചുകൊണ്ട് അർബുദ രോഗ നിർണ്ണയ സ്ക്രീനിംഗ് നടത്തുന്നതിനും ക്യാൻസർ ബോധവൽക്കരണം നടത്തുന്നതിനും ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സ്വാസ്ഥ്യം. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ; | (ബി) | സംസ്ഥാനത്ത് നിലവിലുള്ള 40 ലക്ഷത്തിൽപരം കുടുംബശ്രീ പ്രവർത്തകരുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ക്യാൻസർ സ്ക്രീനിംഗ് നടത്തി രോഗ സാധ്യതയുള്ളവരെ കണ്ടെത്തുന്നതിനും അവർക്ക് അടുത്തുള്ള അർബുദ ചികിത്സാ കേന്ദ്രത്തിൽ ചികിത്സ ഉറപ്പാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ക്യാൻസർ രോഗത്തെക്കുറിച്ചുള്ള മിഥ്യാധാരണകൾ അകറ്റുന്നതിനും ക്യാൻസർ ചികിത്സയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (സി) | ജനങ്ങളെ സ്ക്രീനിംഗ് നടത്തി ക്യാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (സി) | സ്വാസ്ഥ്യം പദ്ധതിയുടെ ആദ്യപടിയായി തിരുവനന്തപുരം ആർ.സി.സി.യും കുടുംബശ്രീയും, സംസ്ഥാന ആരോഗ്യ വകുപ്പും സംയുക്തമായി പത്തനംതിട്ട ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുണ്ട്. ഇത് ക്രമേണ മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയാണ് ഉദ്ദേശ്യം. സ്ക്രീനിംഗ് പ്രോഗ്രാമിലൂടെ തടയാവുന്ന ക്യാൻസർ രോഗങ്ങളോ/ നേരത്തെ കണ്ടുപിടിച്ചാൽ ഉചിതമായി ചികിത്സിക്കാൻ കഴിയുന്ന ക്യാൻസർ രോഗങ്ങളോ നേരത്തേ കണ്ടുപിടിക്കാവുന്നതാണ്. |
| (ഡി) | ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (ഡി) | കുടുംബശ്രീ മിഷൻ, സാമൂഹിക സുരക്ഷാ വകുപ്പ്, റീജണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം, സംസ്ഥാന ആരോഗ്യ വകുപ്പ് എന്നിവരാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ